# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3442 — 08.11.2019-ൽ മറുപടിയ്ക്ക്

## ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

| ചോദ്യം<br><br>ശ്രീ.കെ.വി. വിജയദാസ് | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ പട്ടികവർഗ്ഗ ഗ്രാമ പഞ്ചായത്തായ ഇടമലക്കുടി ഗ്രാമ പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ; | (എ) | ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വനംവകുപ്പിന്റെ കർശന നിബന്ധനകൾ പാലിക്കപ്പെട്ടുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 30 കി.മീ. മൺറോഡ് നിർമ്മിച്ചിട്ടുണ്ട്. കുടിയിലെ ആളുകൾക്ക് കൈത്തൊഴിൽ ചെയ്യുന്നതിലേയ്ക്കായി സൊസൈറ്റികുടിയിൽ പനമ്പ് നെയ്ത്തു ശാല സ്ഥാപിക്കുകയും ഇടമലക്കുടിയുടെ അഞ്ച് വാർഡുകളിൽ വൈദ്യുതി എത്തിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇടമലക്കുടിയിലെ സൊസൈറ്റികുടിയിൽ എൻ.ആർ. എച്ച്.എം ഫണ്ട് വിനിയോഗിച്ച് പി.എച്ച്.സിയ്ക്കായി കെട്ടിടം നിർമ്മിക്കുകയും സ്റ്റാഫുകൾക്കായി പഞ്ചായത്ത് ഫണ്ട് ചെലവിട്ട് ക്വോർട്ടേഴ്സ് കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 06/01/2018 ലെ സ.ഉ(സാധാ) നം. 60/2018/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടമലക്കുടിയിലെ MGLC സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണവും വൈകുന്നേരത്തെ ഭക്ഷണവും നൽകി വരുന്നുണ്ട്. പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അലമാര, കട്ടിൽ, സോളാർ ലൈറ്റ് എന്നിവ വിതരണം നടത്തിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ? | (ബി) | നിലവിൽ വിവിധ വാർഡുകളിൽ ഗ്രാമപഞ്ചായത്ത് മുഖേന സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ